22ND IFFK
DECEMBER 8 — 15, 2017
THIRUVANANTHAPURAM
INTERNATIONAL FILM FESTIVAL OF KERALA

MEDIA CELL **PRESS RELEASE** MEDIA CELL

4 ഡിസംബർ 2017

## പത്രക്കുറിപ്പ് 2

# ചലച്ചിത്രമേള സാങ്കേതിക ശിൽപശാല : റസൂൽ പൂക്കുട്ടി പങ്കെടുക്കും

രാജ്യാന്തര ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് തത്സമയ ശബ്ദലേഖനം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ശിൽപശാല സംഘടിപ്പിക്കും.ശിൽപശാലയിൽ ഓസ്കാർ ജേതാവ് റസൂൽ പൂക്കുട്ടി മുഖ്യ പ്രഭാഷണം നടത്തും. തത്സമയ ശബ്ദലേഖനത്തിന്റെ സാധ്യതകളെ പരിചയപ്പെടുന്നതിനുള്ള വേദിയാകും ശിൽപശാല.

ഡിസംബർ ഒൻപതിന് വൈകീട്ട് 3.30 ന് ഹോട്ടൽ ഹൈസിന്തിൽ ആണ് ശിൽപശാല നടത്തുക. ആംഖോം ദേഖി, ന്യൂട്ടൺ തുടങ്ങിയ സിനിമകളുടെ നിർമ്മാതാവും മുംബൈ ആസ്ഥാനമായ ദൃശ്യം ഫിലിംസിന്റെ സ്ഥാപകനുമായ മനീഷ് മുന്ദ്ര, ദേശീയ അവാർഡ് ജേതാവും ദേവദാസ്, ത്രീ ഇഡിയറ്റ്സ്, ലഗേ രഹോ മുന്നാഭായ് തുടങ്ങിയ ചിത്രങ്ങളുടെ സൗണ്ട് റെക്കോർഡിസ്റ്റുമായ ബിശ്വദീപ് ചാറ്റർജി എന്നിവർ പങ്കെടുക്കും.

# കൺട്രി ഫോക്കസ് വിഭാഗത്തിൽ ബ്രസീൽ ചിത്രങ്ങൾ

രാജ്യാന്തര ചലച്ചിത്രമേളയുടെ കൺട്രി ഫോക്കസ് വിഭാഗത്തിൽ ഇത്തവണ ബ്രസീൽ ചിത്രങ്ങൾ പ്രദർശിപ്പിക്കും. സിനിമ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സ്റ്റെഫാൻ സോളമൻ തെരഞ്ഞെടുത്ത ആറ് ചിത്രങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കിൽ മി പ്ലീസ് (അനിറ്റ റോച്ച ഡി സിൽവെയ്റ), നെക്രോപൊലിസ് സിംഫണി (ജൂലിയാന റോജസ്), സൗത്ത് വെസ്റ്റ് (എഡ്വാർഡോ ന്യൂൺസ്), സ്റ്റോറീസ് അവർ സിനിമ ഡിഡ് (നോട്ട്) ടെൽ (ഫെർണാ പെസ്സോ), വൈറ്റ് ഔട്ട് ബ്ലാക്ക് ഇൻ (അഡേർലി ക്യൂറോസ്), യങ് ആൻഡ് മിസറബിൾ ഓർ എ മാൻ സ്ക്രീമിങ് ഈസ് നോട്ട് എ ഡാൻസിങ് ബിയർ (തിയാഗോ ബി മെൻഡോക്ക) എന്നീ ചിത്രങ്ങളാണ് കൺട്രി ഫോക്കസ് വിഭാഗത്തിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത്.

തെളിഞ്ഞ കാഴ്ചയും വ്യക്തമായ കാഴ്ചപ്പാടുകളുമുള്ള സിനിമാപ്രവർത്തകർ ബ്രസീൽ സിനിമകളെ മാറ്റിമറിക്കുന്നു.

മാറിയ സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളുടെ സൂക്ഷ്മമായ അവതരണമാണ് അവരുടെ ഇന്നത്തെ സിനിമകൾ. ബ്രസീലിന്റെ സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളുടെ പരിഛേദമായി ഈ സിനിമകൾ മാറുന്നു. രാജ്യത്തിന്റെ ബാഹ്യമായ അവസ്ഥകൾക്കു പുറമെ മനുഷ്യന്റെ ആന്തരികമായ സംഘർഷങ്ങളെക്കുറിച്ചും ഉൽക്കണ്ഠകളെക്കുറിച്ചും കൂടി സിനിമകൾ പറയാൻ ശ്രമിക്കുന്നു. ബ്രസീൽ സിനിമകൾ മുൻകാലങ്ങളിൽ അഭിമുഖീകരിക്കാതെ പോയ വിഷയങ്ങളും ചോദിക്കാൻ മറന്ന ചോദ്യങ്ങളും കാഴ്ചക്കാരിലേക്ക് എറിയുന്നു ഈ ചിത്രങ്ങൾ.

(തുടരും)



Mob : 8547976353, 9544917693
email:mediacell@iffk.in